കോട്ടപ്പടി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാളിന് വികാരി റവ. ഡോ. മാത്യു തോട്ടത്തിമ്യാലിൽ കൊടിയേറ്റുന്നു.

കോട്ടപ്പടി പള്ളിയിൽ

കോതമംഗലം: കോട്ടപ്പടി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാളിന് വികാരി റവ. ഡോ. മാത്യു തോട്ടത്തിമ്യാലിൽ കൊടിയേറ്റി. പ്രധാന തിരുനാൾ ഇന്നും നാളെയുമായി ആഘോഷിക്കും. ഇന്നു രാവിലെ ഏഴിന് കുർബാന. വൈകുന്നേരം നാലിന് ആഘോഷമായ തിരുനാൾ കുർബാന-ഫാ. ജോസഫ് പൊന്നേത്ത്.5.30 ന് ലദീഞ്ഞ്, വിശ്വാസ പ്രഘോഷണറാലി വടാശേരി കപ്പളയിലേക്കും ചേറങ്ങനാൽ കുരിശടിയിലേക്കും. എട്ടിന് സമാപന പ്രാർഥന.

നാളെ രാവിലെ 7.15ന് കുർബാന, പത്തിന് ആഘോഷമായ തിരുനാൾ കുർബാന-ഫാ. കുര്യാക്കോസ് കച്ചിറമറ്റം. പ്രസംഗം -റവ. ഡോ. റോബർട്ട് പുതുശേരി. 11.45ന് പ്രദക്ഷിണം ചേറങ്ങനാൽ കുരിശടിയിലേക്ക്. 12.30 ന് സമാപന പ്രാർഥന, നേർച്ചസദ്യ. മരിച്ചവരുടെ ഓർമ ദിവസമായി അഞ്ചിനു രാവിലെ 7.15 ന് കുർബാന, സെമിത്തേരി സന്ദർശനം എന്നിവയാണ് തിരുക്കർമങ്ങളെന്ന് വികാരി റവ.ഡോ.മാത്യു തോട്ടത്തിമ്യാലിൽ അറിയിച്ചു.

കോതമംഗലത്ത് ചലച്ചിത്രോത്സവം

കോതമംഗലം: സുമംഗല ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ചലച്ചിത്ര അക്കാഡമിയുടെയും, ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യയുടെയും സഹകരണത്തോടെ കോതമംഗലത്ത് 10,11 തീയതികളിൽ അന്താരാഷ്ട്ര ചലച്ചിത്രോത്സവം നടക്കും. പിഡബ്ല്യുഡി റെസ്റ്റ് ഹൗസ് ഓഡിറ്റോറിയത്തിലാണ് പ്രദർശനം.

ചലച്ചിത്രോത്സവത്തിൽ രണ്ടു മലയാള ചിത്രങ്ങളും രണ്ട് ഇന്ത്യൻ ചിത്രങ്ങളും ആറ് വിദേശ ചിത്രങ്ങളുമടക്കം പത്തു സിനിമകളാണ് പ്രദർശിപ്പിക്കുന്നത്. വൈകുന്നേരം പ്രമുഖർ പങ്കെടുക്കുന്ന ഓപ്പൺ ഫോറവും നടക്കും.

മൂവാറ്റുപുഴ നഗരസഭ പച്ചക്കറി മാർക്കറ്റിന്റെ ഉദ്ഘാടനം ചെയർപേഴ്സൺ ഉഷ

മൊബൈൽ ഫോൺ നഷ്ടപ്പെട്ടതായി പരാതി

മൂവാറ്റുപുഴ: ബസിൽനിന്ന് ഇറങ്ങുന്നതിനിടെ മൊബൈൽ ഫോൺ നഷ്ടപ്പെട്ടതായി പരാതി. തൃപ്പൂണിത്തുറ സംസ്കൃത കോളജ് ജീവനക്കാരി സതീദേവിയമ്മയാണ് ബാഗിൽ സൂക്ഷിച്ചിരുന്ന മൊബൈൽ നഷ്ടപ്പെട്ടതായി മൂവാറ്റുപുഴ പോലീസിന് പരാതി നൽകിയത്.

ഇന്നലെ വൈകുന്നേരം തൃപ്പൂണിത്തുറയിൽനിന്ന് കെഎസ്ആർടിസി ലോഫ്ളോർ ബസിൽ യാത്രചെയ്ത് വെള്ളൂർക്കുന്നത്ത് ഇറങ്ങിയശേഷം ഫോണെടുക്കുവാൻ ബാഗ് തുറന്നപ്പോൾ ബാഗിന്റെ സിബ് തുറന്നനിലയിലായിരുന്നു. യാത്രചെയ്യുമ്പോൾ ഫോൺ ബാഗിലുണ്ടായിരുന്നുവെന്നും സീറ്റിൽനിന്ന് എഴുന്നേറ്റ് ഇറങ്ങുമ്പോൾ സമീപത്ത് രണ്ടുപേർ ഉണ്ടായിരുന്നതായും ഇവർ കവർന്നതാണെന്ന് സംശയിക്കുന്നതായും പരാതിയിലുണ്ട്.

കെട്ടിട നികുതി

പോത്താനിക്കാട്: പഞ്ചായത്തിലെ കെട്ടിട നികുതി സ്വീകരിക്കുന്നതിനായി ഉദ്യോഗസ്ഥർ നാളെ മുതൽ 16 വരെ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ക്യാമ്പ് നടത്തും. 28 വരെ നികുതിയിന്മേലുള്ള പഴപലിശ ഒഴിവാക്കിയിട്ടുണ്ട്. കെട്ടിട നികുതി നിർണയം, കെട്ടിടത്തിന്റെ വിവരങ്ങൾ എന്നിവ സോഫ്റ്റ്വേറിൽ ഉൾപ്പെടുത്തിയതു സംബന്ധിച്ച പരാതികൾ 28 വരെ രേഖാമൂലം ഓഫീസിൽ സ്വീകരിക്കുമെന്നും അധികൃതർ അറിയിച്ചു.

വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ സംഘടിപ്പിച്ച ആണവോർജ സെമിനാറിന്റെ ഉദ്ഘാടനം അണുശക്തി ഡിപ്പാർട്ട്മെന്റ് ഓഫ് ആറ്റോമിക് എനർജി ടെക്നിക്കൽ അഡ്വൈസർ കെ.എ. ഡേവിഡ് നിർവഹിക്കുന്നു. ഡോ. കെ.കെ. രാജൻ, റവ. ഡോ. ജോർജ് താനത്തുപറമ്പിൽ, ആർ.കെ. സിംഗ്, സോമി പി. മാത്യു, ഡോ. ജോസഫ് കുഞ്ഞുപോൾ എന്നിവർ സമീപം.

വിശ്വജ്യോതി കോളജിൽ

ആണവോർജ സെമിനാറും ശാസ്ത്ര പ്രദർശനവും സമാപിച്ചു

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ആണവോർജ സെമിനാറും ശാസ്ത്ര പ്രദർശനവും സംഘടിപ്പിച്ചു.ഡിപ്പാർട്ട്മെന്റ് ഓഫ് ആറ്റോമിക് എനർജിയുടെ കീഴിലുള്ള മുംബൈ ഭാഭാ അണുശക്തി ഗവേഷണ കേന്ദ്രത്തിന്റെയും വിശ്വജ്യോതി കോളജിന്റെയും സംയുക്താഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. അണുശക്തി ഡിപ്പാർട്ടുമെന്റ് ഓഫ് ആറ്റോമിക് എനർജി ടെക്നിക്കൽ അഡ്വൈസർ കെ.എ. ഡേവിഡ് സെമിനാർ ഉദ്ഘാടനം ചെയ്തു. കോളജ് ഡയറക്ടർ റവ. ഡോ. ജോർജ് താനത്തുപറമ്പിൽ അധ്യക്ഷത വഹിച്ചു. ന്യൂക്ലിയർ പവർ കോർപറേഷൻ ബോർഡംഗം ഡോ. കെ. കെ. രാജൻ, കോളജ് പ്രിൻസിപ്പൽ ഡോ. ജോസഫ്കുഞ്ഞു പോൾ എന്നിവർ പ്രസംഗിച്ചു. ഭാഭാ ആറ്റോമിക് റിസർച്ച് സെന്ററിലെ ഗവേഷണഫലങ്ങളും റിയാക്ടറുകളുടെ മോഡലുകളും ഉൾപ്പെടുന്ന ശാസ്ത്രപ്രദർശനം കോളജ് ഡയറക്ടർ ഉദ്ഘാടനം ചെയ്തു.

രാജ്യത്തെ ആണവോർജ നിലയങ്ങളെക്കുറിച്ചും വൈദ്യുത ഉത്പാദനമാർഗമായി വരും കാലങ്ങളിൽ അണുശക്തിയെ ആശ്രയിക്കേണ്ടിവരുമെന്നതും മുഖ്യപ്രഭാഷണത്തിൽ കെ.എ. ഡേവിഡ് വ്യക്തമാക്കി. ഭക്ഷ്യ സുരക്ഷാ രംഗത്ത് ന്യൂക്ലിയർ എനർജിയുടെ സാധ്യതകളെ സംബന്ധിച്ച് ബാർക്കിലെ ഫുഡ് ടെക്നോളജി ഡിവിഷൻ സീനിയർ സയന്റിസ്റ്റ് ഡോ. സുധാംഷു സക്സേന, ന്യൂക്ലിയർ അഗ്രിക്കൾച്ചർ ഡിവിഷനിലെ ഡോ. അർച്ചന റോയ് എന്നിവരും പ്രസംഗിച്ചു. ശാസ്ത്രത്തിന്റെ വിവിധ മേഖലകളെ സ്പർശിക്കുന്നതായിരുന്നു പ്രദർശനം.

പകൽ വീടിന്റെ ഉദ്ഘാടനം നടത്തി

മൂവാറ്റുപുഴ: നഗരസഭാ പ്രദേശത്തെ കുര്യൻമലയിലെ പകൽ വീടിന്റെ ഉദ്ഘാടനം നഗരസഭ ചെയർപേഴ്സൺ ഉഷ ശശിധരൻ നിർവഹിച്ചു. പി.കെ. ബാബു രാജ്, രാജി ദിലീപ്, എം.എ. സഹീർ, ഉമാമത്ത് സലിം, വി.പി. ഷിബു എന്നിവർ പ്രസംഗിച്ചു.

ഡിഎഫ്സി വനിതഫോറം ഭാരവാഹികൾ

മൂവാറ്റുപുഴ: ഫൊറോന ഡിഎഫ്സി വനിതാഫോറം ഭാരവാഹികളായി സാലി എമ്മാനുവേൽ-പ്രസിഡന്റ്, ലിസി ജേക്കബ്-വൈസ് പ്രസിഡന്റ്, ആനീസ് തോമസ്-സെക്രട്ടറി, സിജി പീറ്റർ-ജോയിന്റ് സെക്രട്ടറി, ജെയ്നി ഷാജി-ട്രഷറർ, റോസിലി ജേക്കബ്-വനിത പ്രതിനിധി, സിസ്റ്റർ ഡിലീന-ആനിമേറ്റർ എന്നിവരെ തെരഞ്ഞെടുത്തു.

സ്കൂൾ ദിനാഘോ

മൂവാറ്റുപുഴ: നിർമല ജൂണിയർ സ്കൂൾ വാർഷികം എട്ടിന് ആഘോഷിക്കും. ഉച്ചകഴിഞ്ഞ് രണ്ടിന് കിഡ്സ് ഫെസ്റ്റ് വൈകുന്നേരം നാലിന് നടക്കുന്ന പൊതുസമ്മേളനത്തിൽ സ്കൂൾ മാനേജർ സിസ്റ്റർ ലൂസിറ്റ അധ്യക്ഷത വഹിക്കും. വാഴക്കുളം സെന്റ് ജോർജ് ഫൊറോനപള്ളി വികാരി ഫാ. കുര്യാക്കോസ് കൊടകല്ലിൽ ഉദ്ഘാടനം ചെയ്യും.

നിർമല കോളജ് പ്രിൻസിപ്പൽ ഡോ. ടി.എം. ജോസഫ് മുഖ്യപ്ര

ആയുർവേദ ആശുപത്രി

കൂത്താട്ടുകുളം: നഗരസഭയിൽ പുതിയതായി അനുവദിച്ചഗവൺമെന്റ് ആയുർവേദ ആശുപത്രി സ ബ് സെന്ററിന്റെ ഉദ്ഘാടനം ഇന്നു നടക്കും. രാവിലെ 9.30 ന് പുതിയം പുറം കുടുംബയോഗഹാളിൽ അനൂപ് ജേക്കബ് എംഎൽഎ ഉദ്ഘാടനം ചെയ്യും.നഗരസഭ ചെ

മൂവാറ്റുപുഴ ഫൊറോന ഡിഎഫ്സി വനിതാ ഫോറം ഭാരവാഹികൾ ഫൊറോ ഓഫീസിൽ.

ഇന്നത്തെ സിനിമ

മൂവാറ്റുപുഴ

ഐസക്സ്: സ്ട്രീറ്റ് ലൈറ്റ് (11,2),ബല്ലൂൺ(6,9)

മരിയ: ഹേയ് ജൂഡ്(4)

ലത-

സ്ക്രീൻ1 : ആദി(4)

സ്ക്രീൻ 2: ശിക്കാരി ശംഭു(4)

വെട്ടുകാട്ടിൽ: ബാഗുമതി(11.15) ശിക്കാരി ശംഭു(2.15, 6.15,9.15)

കോതമംഗലം

ആൻ ഡിജിറ്റൽ: ആദി(4)

ഇവിഎം: ബല്ലൂൺ(11,2);കാർബൺ(6,9),

ജവഹർ: ഹേയ് ജൂഡ്(4)

ജി സിനിമാസ്-

സ്ക്രീൻ 1: ശിക്കാരി ശംഭു(4)

സ്ക്രീൻ 2: നിമിർ(2),സ്ട്രീറ്റ് ലൈറ്റ് (2)

Deepika, Saturday 03rd February 2018